പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

എൻ.ആർ.എൽ.എം. പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7322

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ.യ്ക്കു പകരം വന്ന എൻ.ആർ.എൽ.എം. പദ്ധതി സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | (എ) | 2012 ഫെബ്രുവരി മാസം മുതൽ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടെങ്കിൽ സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും നടപ്പാക്കിയിട്ടുണ്ടോ; ആകെ എത്ര തുകയാണ് പദ്ധതിക്കായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് നാളിതുവരെയായി 87.489 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഗ്രാമപഞ്ചായത്ത് തലത്തിൽ കുടുംബശ്രീ വഴി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻആർഎൽഎം) പരിപാടി ഓരോ പഞ്ചായത്തിലുമുള്ള കുടുംബശ്രീ സിഡിഎസ് ത്രിതല സംഘടനാ സംവിധാനം മുഖേനയാണ് നടപ്പാക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് രൂപീകരിച്ചിട്ടുള്ള നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) പദ്ധതിയുടെ മുഖ്യ ഘടകങ്ങളും ലക്ഷ്യങ്ങളും ചുവടെ ചേർക്കുന്നു:-

1. **വൈദഗ്ദ്ധ്യ പരിശീലനം**

- കുടുംബശ്രീ യൂണിറ്റുകൾക്ക് നൂതന സാങ്കേതിക വിദ്യയുടെ അറിവ് പകർന്നു നൽകുന്നതിനും തിരഞ്ഞെടുക്കപ്പെട്ട വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.
- പുതുതായി ഭാരവാഹിത്വം സ്വീകരിച്ചിട്ടുള്ള സിഡിഎസ് ചെയർപേഴ്സൺമാർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.
- കുടുംബശ്രീ വിലയിരുത്തൽ സമിതി അംഗങ്ങൾക്കായുള്ള പരിശീലനം സംഘടിപ്പിക്കൽ
- പരിശീലന മോഡ്യൂൾ, കൈപുസ്തകം മുതലായവ തയ്യാറാക്കുന്നതിനായുള്ള പരിശീലനം

2. **സാമൂഹിക ഉൾപ്പെടുത്തൽ**

- കുടുംബശ്രീ സമ്പൂർണ്ണ അയൽക്കൂട്ട പരിപാടി അഥവാ 100% അയൽക്കൂട്ട പ്രവേശനത്തിന്റെ ഭാഗമായി സാമൂഹികപരമായി പിന്നോക്കം നിൽക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ബി.പി.എൽ, എസ്.സി/ എസ്.ടി, തീരദേശ, ഭാഷ-മത ന്യൂനപക്ഷം തുടങ്ങിയ വിഭാഗത്തിലുള്ളവരെ കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ കീഴിൽ കൊണ്ടുവരിക.
- പട്ടികവർഗ്ഗ, തീരദേശ കുടുംബങ്ങൾക്കായുള്ള ഔദ്യോഗിക പിന്തുണ 'കമ്മ്യൂണിറ്റി റിസോഴ്സ്' മുഖേന ഉറപ്പാക്കുക.
- എസ്.റ്റി വിഭാഗത്തിന് സംസ്ഥാന, ജില്ലാതലത്തിൽ വൈദഗ്ദ്ധ്യസേവനം ലഭ്യമാക്കുക.
- തീരദേശ സമൂഹത്തിനായുള്ള പ്രത്യേക ഉപജീവന പദ്ധതി.
- എസ്.റ്റി സമൂഹത്തിനായുള്ള സാമൂഹിക ഇടപെടലുകൾ ഇവയിൽ പ്രധാനമായി, കേരളത്തിലെ എല്ലാ ആദിവാസി ഊരുകളിലും നടത്തുവാൻ പോകുന്ന ഊരുതല ആസൂത്രണം, പാരാപ്ലീജിയ, ആശ്രയ, ബഡ്സ് എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ഇടപെടലുകൾ

3. **സാമ്പത്തിക ഉൾപ്പെടുത്തൽ**

- അയൽക്കൂട്ട ബാങ്ക്ലിങ്കേജിനായി ഇന്ററസ്റ്റ് സബ്സിഡി സ്കീം
- സാമ്പത്തിക സുരക്ഷ പ്രചാരണം
- സി.ഡി.എസ് അക്കൗണ്ടന്റുമാർക്കുള്ള പരിശീലനം
- സി.ഡി.എസ്/എ.ഡി.എസ് ഇന്റേണൽ ഓഡിറ്റർമാർക്കായുള്ള പരിശീലനം
- ബാങ്ക്മാനേജർമാർക്ക് പദ്ധതി പരിചയപ്പെടുത്തൽ

4. **ഉപജീവന വികസനം**

- സംരംഭകർക്കായി പ്രാപ്തി വർദ്ധനവ് പരിശീലനം (പരിശീലനം/ചെറുകിട സംരംഭ കൺസൾട്ടൻസിന്)

- സ്വയംതൊഴിലിനായുള്ള വൈദഗ്ദ്ധ്യ വികസന പരിശീലനം
- സംഘകൃഷി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- മൃഗസംരക്ഷണ മേഖലയിൽ ഉപജീവന വികസനം
- ചെറുകിട സംരംഭങ്ങൾ, സംഘകൃഷി, സമഗ്ര പദ്ധതികളുടെ വികസനം
- വിപണന പിന്തുണ വികസനം
- വൈദഗ്ദ്ധ്യ വികസന പരിശീലനം

5. **ഏകോപനങ്ങളും സാങ്കേതിക പ്രവർത്തനങ്ങളും**

- ദാരിദ്ര്യത്തിന്റെ വിവിധവും വ്യത്യസ്തവുമായ പ്രശ്നങ്ങളെ അപഗ്രഥനം ചെയ്ത് പാവപ്പെട്ടവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അവർക്ക് ലഭിക്കുന്ന വൈദഗ്ധ്യ പരിശീലനത്തിന്റെ മേന്മ ഉറപ്പുവരുത്തുന്നതിനും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ, അക്കാദമിക് സ്ഥാപനങ്ങൾ എന്നിവരുമായി സംയോജിച്ച് പ്രവർത്തിക്കുക. കുടുംബശ്രീ മിഷൻ റ്റിസ്സ്, ഐ.ഐ.റ്റി, എൻ.ഐ.എം.എച്ച് സെക്കന്തരാബാദ്, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് തിരുവനന്തപുരം, ഐ.ഐ.എം കോഴിക്കോട് എന്നീ അക്കാദമിക് സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

6. **ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻആർഎൽപി)**

- ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് അസോസിയേഷൻ (ഐഡിഎ) യുടെ സഹായത്തോടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എൻആർഎൽപി. കേരളത്തിൽ മനുഷ്യക്കടത്തിനെതിരായി നടത്തുന്ന ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് പ്രോജക്ട് (ഇടുക്കി, പാലക്കാട്, വയനാട്) നടപ്പിലാക്കുന്നതിന് 2.36 കോടി രൂപ ടി പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ കമ്മ്യൂണിറ്റി തീയറ്റർ, കമ്മ്യൂണിറ്റി കോളേജ്, കമ്മ്യൂണിറ്റി റേഡിയോ, വയോജനങ്ങൾക്കു വേണ്ടിയുള്ള അയൽക്കൂട്ട രൂപീകരണം, ഇൻഷ്വറൻസ് പെൻഷൻ പദ്ധതി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങൾക്കും ടി പ്രോജക്ടിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

7. **ആജീവികാ സ്കിൽസ്**

- കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ആജീവിക സ്കിൽസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ കുടുംബശ്രീയെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തേയ്ക്ക് 30,000 ഗ്രാമീണ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചുള്ള വാർഷിക പദ്ധതി കുടുംബശ്രീ തയ്യാറാക്കി കേന്ദ്ര ഗ്രാമവികസന വകുപ്പിന് നൽകിയിട്ടുണ്ട്.
- ഗ്രാമീണ മേഖലയിലുള്ള പാവപ്പെട്ട 18 നും 35 നും മദ്ധ്യേ പ്രായമുള്ള ചെറുപ്പക്കാർക്ക് മാസവേതനം ലഭിക്കുവാനുതകുന്ന വിവിധ തൊഴിലുകളിൽ നൈപുണ്യം നൽകി കുറഞ്ഞത് 6000/- രൂപ മാസ വരുമാനമുള്ള തൊഴിൽ നൽകുവാനാണ് ആജീവികാ സ്കിൽസ് ലക്ഷ്യമിടുന്നത്.